ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 163 പേരെ.

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നിവിലില്ല.

(ഡി) ഒഴിവുകൾ യഥാസമയങ്ങളിൽ പി. എസ്. സി.-യെ അറിയിച്ചിട്ടുണ്ട്. സമീപഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് നിയമിക്കാൻ കഴിയില്ല.

സെക്കൻഡ് ഗ്രേഡ് അറ്റൻഡർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

154 [1681] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സെക്കൻഡ് ഗ്രേഡ് ഹോസ്പിറ്റൽ അറ്റൻഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോസ്പിറ്റൽ അറ്റൻഡർമാരെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർ നടത്തിയ ഇന്റർവ്യൂവിൽ എത്ര പേർ പങ്കെടുത്തുവെന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 18 ഒഴിവുകൾ നിവിലുണ്ട്.

(ബി) ജൂൺ മാസം 985 പേരെ അഭിമുഖം നടത്തി 110 പേരെയും ജൂലൈ മാസത്തിൽ 1986 പേരെ അഭിമുഖം നടത്തി 250 പേരെയും നിയമിച്ചിട്ടുണ്ട്. നിയമനം 179 ദിവസത്തേയ്ക്ക് താൽക്കാലികമായിട്ടാണ്.

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly